500 രൂപ സബ്സിഡി നൽകിയും വിതരണം ചെയ്യാനും പദ്ധതിയുണ്ട്. കൂടാതെ സോളാർ ഹോംലൈറ്റിംഗ് സംവിധാനം 4000 രൂപ സബ്സിഡി നൽകിയും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന കയർ റാട്ട് 11,000 രൂപ സബ്സിഡി നൽകിയും സ്ഥാപിച്ച് നൽകാൻ ലക്ഷ്യമിടുന്നു.

കാസർഗോഡ് ഗ്രാമങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

50 (4041) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കുറ്റിക്കോൽ, ബേദഡുക്ക, ദേലമ്പാടി, പനത്തടി എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ മലയോര പഞ്ചായത്തുകളായ കുറ്റിക്കോൽ, ബേദഡുക്ക, ദേലമ്പാടി, പനത്തടി എന്നീ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാരിന്റെ 676 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി 10.475 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 14 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 27.949 കി.മീ. എൽ.റ്റി. ലൈൻ വലിക്കുകയും 24.334 കി.മീ. സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. ടി പ്രദേശങ്ങളിൽ സിസ്റ്റം ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി 4.25 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 2.9 കി.മീ. കൺവെർഷൻ പ്രവൃത്തികൾ ചെയ്യുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മേൽ പ്രദേശങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി രാജപുരത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും ആയതിന്റെ നിർമ്മാണത്തിനനുയോജ്യമായ സ്ഥലം അന്വേഷിച്ചു വരുന്നതുമാണ്. കൂടാതെ നിലവിലുള്ള ബേലൂർ 33 കെ.വി. സബ്സ്റ്റേഷനിൽ ഒരു 5 എം.വി.എ. ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള ജോലികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly